**<u>15 -ാം കേരള നിയമസഭ</u>**

**<u>8 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1793</u>** **<u>08-02-2023 - ൽ മറുപടിയ്ക്ക്</u>**

**<u>ചികിത്സാസഹായത്തിനായി സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് ലഭിച്ച അപേക്ഷകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ .ഡി .പ്രസേനൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലത്തൂർ മണ്ഡലത്തിൽ നിന്നും ചികിത്സാസഹായത്തിനായി സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് ആകെ ലഭിച്ച അപേക്ഷകൾ, സഹായം അനുവദിച്ച അപേക്ഷകൾ, ഇനി സഹായം അനുവദിക്കാനുള്ള അപേക്ഷകൾ, നിരസിച്ച അപേക്ഷകൾ എന്നിവയുടെ എണ്ണം അറിയിക്കാമോ; | (എ) | **<u>മിഠായി പദ്ധതി</u>**<br><br>മണ്ഡലം തിരിച്ചുള്ള കണക്കു ലഭ്യമല്ല. പാലക്കാട് ജില്ലയിൽ നിന്നും 157 പേർ രജിസ്റ്റർ ചെയ്തു. അതിൽ 103 പേർക്ക് അനുമതി നൽകി. മതിയായ ചികിത്സാ രേഖ ഇല്ലാത്തതിനാൽ 50 എണ്ണത്തിൽ തീരുമാനമെടുത്തിട്ടില്ല.. 4 എണ്ണം നിരസിക്കുകയും ചെയ്തു.<br><br>**വീ കെയർ പദ്ധതി**<br><br>നിലവിൽ വീ കെയർ പദ്ധതിയിൽ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. ജില്ല തിരിച്ചാണ് അപേക്ഷയുടെ വിശദാംശങ്ങൾ സൂക്ഷിച്ചിട്ടുള്ളത്. ആയതിനാൽ, പാലക്കാട് ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ആകെ അപേക്ഷകളുടെ എണ്ണം: 65; ധനസഹായം അനുവദിച്ച അപേക്ഷകളുടെ എണ്ണം: 18; ധനസഹായം അനുവദിക്കാനുള്ള അപേക്ഷകളുടെ എണ്ണം: 42; നിരസിച്ച അപേക്ഷകളുടെ എണ്ണം: 5<br><br>**<u>ശ്രുതിതരംഗം പദ്ധതി, താലോലം പദ്ധതി, ക്യാൻസർ സുരക്ഷാ പദ്ധതി</u>**<br><br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലത്തൂർ മണ്ഡലത്തിൽ നിന്നും ശ്രുതിതരംഗം പദ്ധതിയിലേക്കു 1 അപേക്ഷയും, ധ്വനി പദ്ധതിയിലേക്കു 1 അപേക്ഷയും ലഭിക്കുകയുണ്ടായി. പ്രസ്തുത രണ്ട് അപേക്ഷകളും പരിഗണിച്ചു സഹായം അനുവദിച്ചിട്ടുണ്ട്. ക്യാൻസർ സുരക്ഷാ, താലോലം പദ്ധതികളിലേക്കു തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ നിന്നും ചികിത്സാസഹായത്തിനായി ലഭിച്ച അപേക്ഷകളിൽ ഏതെങ്കിലും നിരസിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം അറിയിക്കാമോ? | (ബി) | **<u>മിഠായി പദ്ധതി-</u>**<br><br>4 എണ്ണം നിരസിച്ചതിൽ 3 എണ്ണം 18 വയസ്സ് കഴിഞ്ഞവയും ഒരെണ്ണം രേഖകൾ ഒന്നും തന്നെ ഹാജരാകാത്തതും ആണ്.<br><br>**വീ കെയർ പദ്ധതി**<br><br>വീ കെയർ പദ്ധതിയിൽ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല.<br><br>**<u>ശ്രുതിതരംഗം പദ്ധതി, താലോലം പദ്ധതി, ക്യാൻസർ സുരക്ഷാ പദ്ധതി</u>**<br><br>മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകൾ നിരസിച്ചിട്ടില്ല. |

Nested table (വീ കെയർ പദ്ധതി, പാലക്കാട്):

| ആകെ അപേക്ഷകളുടെ എണ്ണം | ധനസഹായം അനുവദിച്ച അപേക്ഷകളുടെ എണ്ണം | ധനസഹായം അനുവദിക്കാനുള്ള അപേക്ഷകളുടെ എണ്ണം | നിരസിച്ച അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| 65 | 18 | 42 | 5 |

സെക്ഷൻ ഓഫീസർ